കേൾക്കേണ്ട ശബ്ദം:
ഒരിക്കൽ ജീവിച്ച ജീവിതം പിന്നീട് ജീവിക്കണമെന്നില്ല. അയവിറക്കുന്ന മൃഗമല്ല മനുഷ്യൻ.
- സിവിക് ചന്ദ്രൻ

മക്തബ്

1193 വൃശ്ചികം 19 · 1439 റ.ഉൽ.അവ്വൽ 15

മനുഷ്യ ജീവന്റെ വില

മനുഷ്യ ജീവന്റെ നിസാരത വെളിപ്പെടുത്തുന്ന സംഭവമായിരുന്നു കഴിഞ്ഞ ദിവസം തെക്കൻ കേരളത്തെ വിറപ്പിച്ച 'ഓഖി' ചുഴലിക്കാറ്റ്. പതിവുപോലെ ദുരന്തങ്ങൾ മുഴുവൻ ഏറ്റുവാങ്ങേണ്ടി വന്നത് ദരിദ്രരായ മനുഷ്യരാണ്. പതിവുപോലെ ഭരണാധികാരികളും രാഷ്ട്രീയ നേതാക്കൻമാരും ഞെട്ടുകയും പതിവ് ആശ്വാസ പദ്ധതികൾ പ്രഖ്യാപിക്കുകയും ചെയ്തു.

കാലാവസ്ഥ വ്യതിയാനത്തെ കുറിച്ച് നേരത്തെ തന്നെ മുന്നറിയിപ്പ് നൽകാൻ കഴിയുംവിധം ശാസ്ത്രവും സാങ്കേതികവിദ്യയും ഒക്കെ പുരോഗമിച്ചിട്ടുണ്ട്. കടലിൽ രൂപം കൊള്ളുന്ന ചെറുചലനങ്ങൾ പോലും തിരിച്ചറിഞ്ഞ് ഉടൻ വിവരം അറിയിക്കാൻ കഴിയുന്ന കൃത്രിമ ഉപഗ്രഹങ്ങൾ ഇന്ത്യക്കുണ്ട്. അതിൽ നിന്ന് വിലപ്പെട്ട വിവരങ്ങൾ ലഭ്യമാവുകയും ചെയ്യുന്നുണ്ട്. എന്നിട്ടും ദുരന്തം നേരിടുന്നതിൽ മുൻ കരുതലെടുക്കാൻ പരാജയപ്പെടുന്നത് ഇവിടത്തെ ഭരണസംവിധാനത്തിന്റെ അനാസ്ഥയാണ്.

നവമ്പർ മുപ്പതാം തീയതിയാണ് തെക്കൻ കേരളത്തിലെ കടലിൽ 'ഓഖി' ചുഴലിക്കാറ്റ് നാശം വിതച്ച് കടന്നുവന്നത്. 29ന് തന്നെ കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം ഇതുസംബന്ധിച്ച വിവരം കൈമാറിയെന്നാണ് പറയുന്നത്. പക്ഷെ, അക്കാര്യം ദുരന്തനിവാരണ അതോറിറ്റി ഭരണാധികാരികളെ പോലും അറിയിച്ചില്ലെന്നത് ശരിയാണെങ്കിൽ കുറ്റകരമായ അനാസ്ഥയാണത്. നവമ്പർ മുപ്പതിന് ചുഴലിക്കാറ്റ് നാശം വിതച്ചതിന് ശേഷമാണത്രെ മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും ഉൾപ്പെടെയുള്ളവർ വിവരം അറിയുന്നത്. അപ്പോഴേക്കും കാര്യങ്ങൾ കൈവിട്ടുപോയിരുന്നു.

29ന് തന്നെ ദുരന്തത്തെ കുറിച്ച് മുന്നറിയിപ്പ് നൽകിയിരുന്നെങ്കിൽ മൽസ്യ തൊഴിലാളികൾ കടലിൽ പോകുമായിരുന്നില്ല. മൽസ്യ ബന്ധനത്തിന് പോയവർക്ക് ഉടൻ തിരിച്ചുവരാൻ കഴിയുമായിരുന്നു. പക്ഷെ, ഒന്നുമറിയാതെ കടലിൽ പോയ ആയിരക്കണക്കിന് മൽസ്യ ബന്ധന തൊഴിലാളികളാണ് കടലിൽ കുടുങ്ങി പോയത്. അവരുടെ സ്വന്തക്കാരുടെ നിലവിളികൾ കൊണ്ട് കടപ്പുറങ്ങൾ സങ്കടക്കടലായി മാറുന്ന കാഴ്ച കണ്ടു. എന്നിട്ടും അവരെ ആശ്വസിപ്പിക്കാൻ പോലും ഭരണാധികാരികളോ, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരോ എത്തിയില്ലെന്നത് ഖേദകരമാണ്. ഇരുട്ടിൽ തപ്പുന്ന ഒരു ഭരണ സംവിധാനത്തെയാണ് ഈ ദിനങ്ങളിൽ കേരളം കണ്ടത്.

കടലിൽ അകപ്പെട്ടവരെ കുറിച്ചോർത്ത് വിലപിക്കുന്ന ബന്ധുക്കൾക്ക് കൃത്യമായ വിവരങ്ങൾ പോലും നൽകാൻ സംവിധാനമുണ്ടായില്ല. കൺട്രോൾ റൂം പോലും തുറന്നത് ഡിസംബർ ഒന്നിന് ഉച്ചക്ക് മാത്രമാണ്. സാധാരണഗതിയിൽ ദുരന്തങ്ങൾ നടക്കുമ്പോഴെങ്കിലും ഭരണസംവിധാനം ഉണർന്ന് പ്രവർത്തിക്കാറുണ്ട്. കടലിൽ തടിക്കഷ്ണത്തിൽ പിടിച്ച് നീന്തി കരയിലെത്താൻ ശ്രമിക്കുന്ന മൽസ്യ തൊഴിലാളിയെ കുറിച്ച് അധികൃതരെ വിവരം അറിയിച്ചിട്ടും മൂന്ന് മണിക്കൂർ കഴിഞ്ഞാണ് രക്ഷാപ്രവർത്തനം തുടങ്ങിയത് എന്ന കാര്യം അനാസ്ഥയുടെ ഭീകരമുഖം വെളിവാക്കുന്നതായിരുന്നു.

ആദ്യദിനം രക്ഷാപ്രവർത്തനം ഫലപ്രദമായില്ല. കടൽ അങ്ങേയറ്റം ക്ഷോഭിച്ചതിനാൽ നേവിയുടെ കപ്പലുകൾക്കും വ്യോമസേനയുടെ ഹെലികോപ്ടറുകൾക്കും കടലിൽ അകപ്പെട്ട ബോട്ടുകളുടെ സമീപം എത്താൻ കഴിഞ്ഞില്ലെന്നത് ശരിയായിരിക്കാം. പക്ഷെ, ശാസ്ത്ര പുരോഗതിയുടെ ഇക്കാലത്ത് നമുക്ക് ഇങ്ങനെയുള്ള സുരക്ഷാ സംവിധാനങ്ങൾ മതിയോ എന്നത് ചർച്ച ചെയ്യേണ്ടതാണ്. മാത്രമല്ല കടലിൽ അകപ്പെട്ട ഒമ്പത് മൽസ്യ തൊഴിലാളികളെ തമിഴ്നാട്ടിൽ നിന്നുള്ള മൽസ്യ തൊഴിലാളികൾ രക്ഷപ്പെടുത്തി എന്നതും അധികൃതരുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. കടലിനെ കുറിച്ച് ആസ്ഥാന പണ്ഡിതൻമാരെക്കാളും സുരക്ഷാ കാര്യങ്ങളിൽ പരിശീലനം നേടിയവരെക്കാളും അറിവുണ്ട് മൽസ്യ തൊഴിലാളികൾക്ക്. അതുകൊണ്ടാണ് രക്ഷാപ്രവർത്തനത്തിന് പോകുന്ന സംഘത്തിൽ മൽസ്യ തൊഴിലാളികളെയും ഉൾപ്പെടുത്തണമെന്നത് കടലോര ജനതയിൽ നിന്ന് ഉയർന്നുവന്നത്. എന്നാൽ അത് അവഗണിക്കപ്പെടുകയായിരുന്നു.

ദുരന്തനിവാരണ സംവിധാനത്തെ കേവലമൊരു സർക്കാർ സംവിധാനം എന്നതിൽ നിന്ന് മാറ്റേണ്ടിയിരിക്കുന്നു. ദുരന്തനിവാരണ സംവിധാനം ഫലപ്രദമാക്കാൻ കേന്ദ്ര സർക്കാർ 1020 കോടി രൂപ അനുവദിച്ചുവെന്നാണ് പറയുന്നത്. ഈ പണം എവിടെ പോയി. എങ്ങനെ ചെലവഴിച്ചു എന്നതിനൊന്നും വ്യക്തതയില്ല. ദുരന്തനിവാരണത്തിന് അനുവദിച്ച പണം കൊണ്ട് തലസ്ഥാന നഗരിയിൽ ഏഴുകോടിയുടെ ഓഫീസ് പണിയാനായിരുന്നു വ്യഗ്രത. എന്തിനാണ് മുൻഗണന നൽകേണ്ടത് എന്ന കാര്യമാണ് ഇവിടെ അട്ടിമറിക്കപ്പെട്ടത്. കടലാക്രമണം ഉണ്ടാകുന്ന പ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മിക്കുക, ദുരന്തനിവാരണ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങളും ബോട്ടുകളും ഒക്കെ വാങ്ങിക്കുക, ശാസ്ത്രീയ പരിശീലനം നൽകുക കാര്യങ്ങളാണ് അവഗണിക്കപ്പെട്ടത്. അതിനാൽ ദുരന്തനിവാരണ അതോറിറ്റിയെ ഉദ്യോഗസ്ഥ സംവിധാനം എന്നതിൽ നിന്ന് മാറ്റണം. പകരം മൽസ്യ തൊഴിലാളി പ്രതിനിധികളെയും ജനപ്രതിനിധികളെയും ശാസ്ത്ര അവബോധമുള്ളവരെയും ഒക്കെ ഉൾപ്പെടുത്തി പുനസംഘടിപ്പിക്കണം. ഐ.എസ്.ആർ.ഒ പോലുള്ള സംവിധാനത്തെ ദുരന്ത മുന്നറിയിപ്പ് നൽകും വിധം ഫലപ്രദമാക്കണം. ചുഴലിക്കാറ്റ് വീശിയടിച്ച തലസ്ഥാന നഗരിയിലാണ് ഐ.എ സ്.ആർ.ഒ സ്ഥിതി ചെയ്യുന്നതെന്ന് ഓർക്കണം.

ദുരന്ത നിവാരണ സംവിധാനം ഇവ്വിധമാണെങ്കിൽ കേരളത്തിലെ ജനങ്ങൾ ഭയപ്പാടോടെ ജീവിക്കേണ്ടിവരും. അപകടകരമായ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഭരണാധികാരികൾ സ്ഥിരമായി പറയാറുള്ളത്, ഏത് അപകടവും ഉടൻ തന്നെ തടയാൻ കഴിയുന്ന സംവിധാനം ഇവിടെയുണ്ടെന്നാണ്. അത് വെറും പാഴ്വാക്കാണെന്ന് തെളിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഗുണഭോക്താക്കൾക്ക് ഭവന പെർമിറ്റ് നൽകണമെന്ന് എസ്.ജെ.ഡി

കണ്ണൂർ: 2015-16 വർഷത്തെ ഇന്ദിരാ ആവാസ്യോജന പദ്ധതിയുടെ പുല്ലൂപ്പി പ്രദേശത്തെ ഗുണഭോക്താക്കൾക്ക് ഭവന പെർമിറ്റ് നിഷേധിച്ചത് പ്രതിഷേധാർഹമാണെന്ന് എസ്.ജെ.ഡി ജില്ലാ കമ്മിറ്റി. 60 വർഷത്തിലേറെയായി കൃഷിയില്ലാത്ത ഈ പ്രദേശത്ത് ഡാറ്റാ ബാങ്കിൽപ്പെടുന്നുവെന്ന കാരണത്താൽ പെർമിറ്റ് നിഷേധിച്ചത് നീതീകരിക്കാവുന്നതല്ലെന്ന് ജില്ലാ കമ്മിറ്റി അറിയിച്ചു. ഭാവി പരിപാടികൾ നിശ്ചയിക്കുന്നതിന് ഡാറ്റാ ബാങ്ക് അധീന റസിഡണ്ടൻസ് ഫോറത്തിന് യോഗം രൂപം നൽകി. ഭാരവാഹികളായി എ.കെ. സതീഷ് ചന്ദ്രൻ മാസ്റ്റർ (ചെയർമാൻ), കളത്തിങ്കൽ ബി. സുരേഷ്കുമാർ, പി.സി പ്രീഷാ (വൈസ് ചെയർമാൻ), ഖൈയറുന്നീസ (കൺവീനർ), ബാലഗംഗാധര തിലകൻ, മേരി ജോസ് (ജോയിന്റ് കൺവീനർ), ഹാജിറാ നസീർ (ട്രഷറർ) എന്നിവരടങ്ങുന്ന 25 അംഗ കമ്മിറ്റി രൂപീകരിച്ചു.

യോഗത്തിൽ എ.കെ. സതീഷ് ചന്ദ്രൻ അധ്യക്ഷത വഹിച്ചു. വി. കല്യാണി സ്വാഗതം പറഞ്ഞു. കളത്തിങ്കൽ ബി. സുരേഷ്കുമാർ, മേരിജോസ്, ഉഷ മടപ്പുര, ഖൈയറുന്നിസ, ഇ.എ. ശ്യാം, മാണിക്കോത്ത് വിജയൻ, ദേവദാസ് നമ്പ്യാർ ചർച്ചയിൽ പങ്കെടുത്തു. സുലൈഖ ചന്ദ്രോത്ത് നന്ദി പറഞ്ഞു.

തുടർച്ചയായി പന്ത്രണ്ടാം തവണയും ഉപജില്ലാ തലത്തിൽ ഒന്നാംസ്ഥാനവും ജില്ലാതലത്തിൽ എ ഗ്രേഡും നേടിയ തൃച്ചംബരം യു.പി സ്കൂൾ ഒപ്പന ടീം

തേർത്തല്ലി ആശുപത്രിയുടെ വികസനത്തിന് നടപടികൾ വേണം

തേർത്തല്ലി: മലയോര മേഖലയിലെ ആയിരക്കണക്കിന് ജനങ്ങളുടെ ആശ്രയ കേന്ദ്രമായ തേർത്തല്ലി ഗവ. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് അധികൃതർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും 40 ലക്ഷം രൂപ ചെലവിൽ നിർമ്മാണം ആരംഭിച്ച പുതിയ കെട്ടിടം ഉടൻ പൂർത്തീകരിക്കണമെന്നും കേരള സീനിയർ സിറ്റിസൺസ് ഫോറം തേർത്തല്ലി യൂണിറ്റ് യോഗം ആവശ്യപ്പെട്ടു കുമാരൻ പോത്തേര അധ്യക്ഷത വഹിച്ചു. മൊയ്തു കാരയിൽ, പി.വി. ജോർജ് പ്രസംഗിച്ചു.

സി.പി.എം ആലക്കോട് ഏരിയാ സമ്മേളനത്തിന്റെ ഭാഗമായി കാർത്തികപുരത്ത് സംഘടിപ്പിച്ച വടംവലി മത്സര വിജയികൾക്ക് കെ.എസ്.ചന്ദ്രശേഖരൻ സമ്മാനം നൽകുന്നു

ജില്ലാതല വടംവലി; റെഡ്സ്റ്റാർ വടുവൻകുളം ജേതാക്കൾ

ആലക്കോട്: കാർത്തികപുരത്ത് നടക്കുന്ന സി.പി.എം ആലക്കോട് ഏരിയാ സമ്മേളനത്തിന്റെ ഭാഗമായി സംഘാടക സമിതി നേതൃത്വത്തിൽ സംഘടിപ്പിച്ച ജില്ലാതല വടംവലി മത്സരത്തിൽ റെഡ്സ്റ്റാർ വടുവൻകുളം ഒന്നാംസ്ഥാനം നേടി. എ.കെ.ജി ചാലോട് രണ്ടാംസ്ഥാനവും എ.കെ.ജി തിരുവട്ടൂർ മൂന്നാംസ്ഥാനവും ജലാലിയ ചുണ്ടക്കുന്ന് നാലാം സ്ഥാനവും നേടി. സി.പി.എം ജില്ലാ സെക്രട്ടേറിയറ്റംഗം കെ.എം.ജോസഫ് ഉദ്ഘാടനം ചെയ്തു. എൻ.എം.രാജു അധ്യക്ഷത വഹിച്ചു. കെ.എസ്.ചന്ദ്രശേഖരൻ, വി.ടി.ചെറിയാൻ പ്രസംഗിച്ചു. സാജൻ കെ.ജോസഫ് സ്വാഗതം പറഞ്ഞു. 25ലധികം ടീമുകൾ പങ്കെടുത്ത വടംവലി മത്സരം ആസ്വദിക്കുന്നതിന് വൻ ജനാവലിയാണ് കാർത്തികപുരം ടൗണിലെത്തിയത്.

ബക്കളം നാടകോത്സവം ഇന്ന് മുതൽ

ബക്കളം: ഡി.വൈ.എഫ്.ഐ ബക്കളം മേഖല കമ്മിറ്റി, കടമ്പേരി യുവജന കലാസമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ നാലാമത് ബക്കളം നാടകോത്സവത്തിന് ഇന്ന് തുടക്കം കുറിക്കും. വൈകീട്ട് ഏഴ് മണിക്ക് ബക്കളത്ത് വീണ ജോർജ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. ഇന്ന് മുതൽ ഒമ്പത് വരെയാണ് നാടകോത്സവം അരങ്ങേറുക. മികച്ച നാടകത്തിന് പി.വി.കെ. കടമ്പേരി സ്മാരക ട്രോഫിയും മികച്ച നടനും നടിക്കും എം.എൻ. കല്യാശേരി സ്മാരക ട്രോഫിയും ലഭിക്കും. ഇന്ന് തിരുവനന്തപുരം സൗപർണികയുടെ നിർഭയ, നാളെ തൃശൂർ സദ്ഗമയുടെ അരണ, ആറിന് അങ്കമാലി അക്ഷയയുടെ ആഴം, ഏഴിന് ഓച്ചിറസരിഗയുടെ രാമേട്ടൻ, എട്ടിന് ആലപ്പുഴ ഭരത് കമ്മ്യൂണിക്കേഷൻസിന്റെ മൂന്ന് ഇന്ത്യൻ പൗരൻമാരുടെ ഒരു ദിവസം, ഒമ്പതിന് കോഴിക്കോട് സങ്കീർത്തനയുടെ അനാർക്കലി എന്നിവ അരങ്ങേറും. പാസ് മൂലമാണ് പ്രവേശനം.

ബി.ഇ.എം എൽ.പി സ്കൂളിൽ അഡ്വ. എ.കെ. ധനലക്ഷ്മി ബോധവൽക്കരണ ക്ലാസെടുക്കുന്നു.

ക്യൂ.എച്ച്.എൽ.എസ് പൊതുപരീക്ഷ ശ്രദ്ധേയമായി

തളിപ്പറമ്പ: വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷന്റെ ഭാഗമായി ഐ.എസ്.എം സംസ്ഥാന സമിതിയുടെ കീഴിലെ ഖുർആൻ ഹദീഥ് ലേണിങ്ങ് സ്കൂൾ വാർഷിക പൊതുപരീക്ഷ സമാപിച്ചു. തളിപ്പറമ്പ്, കുറുമാത്തൂർ, വായാട്, ചുഴലി, ശ്രീകണ്ഠപുരം എന്നീ സെന്ററുകളിലായാണ് പരീക്ഷ നടന്നത്. പരീക്ഷയിൽ ഒന്നുമുതൽ മൂന്നുവരെ റാങ്ക് നേടുന്നവർക്ക് അവാർഡുകൾ വിതരണം ചെയ്യും. ഗൾഫ് രാജ്യങ്ങളിൽ ഡിസംബർ ഒന്നിനാണ് പരീക്ഷ നടക്കുക. പരീക്ഷക്ക് റിയാസ് സ്വലാഹി, ഇബ്രാഹിം നടുവിൽ, അബ്ദുസലാം മാസ്റ്റർ, മുത്തലിബ് മാസ്റ്റർ, മുഹമ്മദ് മദനി നേതൃത്വം നൽകി. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നവരെ ആദരിക്കുന്നതിനും ഖുർആൻ ഹദീഥ് ലേണിംഗ് സ്കൂൾ പദ്ധതി പൊതുജനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുമായി ശാഖാതലങ്ങളിൽ ഡിസംബർ, ജനുവരി മാസങ്ങളിൽ ക്യൂ.എച്ച്.എൻ.എസ് കുടുംബസംഗമങ്ങളും അവാർഡ്ദാന സമ്മേളനങ്ങളും സംഘടിപ്പിക്കും.

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിന്ന് ഹിന്ദി സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ രേഷ്ന രമണൻ. വായാട്ടുപറമ്പ് പുളിൻകുന്നേൽ ഹൗസിൽ രമണന്റെയും രാജലക്ഷ്മിയുടെയും മകളും കണ്ണൂരിലെ അഡ്വക്കറ്റ് വി.സന്ദീപിന്റെ ഭാര്യയുമാണ്.

പോലീസ് പെൻഷനേഴ്സ് യോഗം

കണ്ണൂർ: കേരളാ പോലീസ് പെൻഷനേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി യോഗം പ്രസിഡണ്ട് യു. ഭാസ്കരന്റെ അധ്യക്ഷതയിൽ ചേർന്നു. സെക്രട്ടറി ഒ.വി. ജനാർദനൻ സ്വാഗതവും വൈസ് പ്രസിഡണ്ട് സുരേന്ദ്രൻ തിരുവോത്ത് നന്ദിയും പറഞ്ഞു. കെ.പി.പി.എ സംസ്ഥാന ജോയിന്റ് സെക്രട്ടറി കെ.വി. കൃഷ്ണൻ, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ കെ.വി. മുഹമ്മദ് അഷ്റഫ് സംസാരിച്ചു.

ബോധവൽക്കരണ ക്ലാസ്

തളിപ്പറമ്പ: ബി.ഇ.എം.എൽ.പി സ്കൂളിൽ കുട്ടികൾ നേരിടുന്ന സാമൂഹ്യ വെല്ലുവിളികൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കി അഡ്വ. എ.കെ. ധനലക്ഷ്മി രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് നടത്തി. എ.പി. സാബിറ സ്വാഗതം പറഞ്ഞു. കെ. ഹഫ്സത്ത് അധ്യക്ഷത വഹിച്ചു. പി.എൽ. ജെയിംസ് നന്ദിയും പറഞ്ഞു.

സ്കൂൾ പരിസരം ശുചീകരിച്ചു

കാർത്തികപുരം: കാർത്തികപുരത്ത് നടക്കുന്ന സി.പി.എം ആലക്കോട് ഏരിയാ സമ്മേളനത്തിന്റെ ഭാഗമായി സി.പി.എം പ്രവർത്തകർ കാർത്തികപുരം ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ പരിസരം ശുചീകരിച്ചു. കെ.എസ്.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. എൻ.എം. രാജു അധ്യക്ഷത വഹിച്ചു. പി.പി.അജി സ്വാഗതം പറഞ്ഞു. കെ.സാജൻ ജോസഫ്, വി.ടി.ചെറിയാൻ മാസ്റ്റർ, വി.ബി.രാജേഷ്, പി.കെ.സുരേന്ദ്രൻ, എൻ.ടി.മോഹനൻ നേതൃത്വം നൽകി.

തളിപ്പറമ്പ താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവ് നികത്തണം: സി.പി.ഐ

കുറുമാത്തൂർ: തളിപ്പറമ്പ താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവ് നികത്തണമെന്ന് സി.പി.ഐ കുറുമാത്തൂർ ലോക്കൽ സമ്മേളനം ആവശ്യപ്പെട്ടു. ആശുപത്രിയിൽ നിരവധി ആധുനിക ഉപകരണങ്ങൾ ഉണ്ട്. എന്നാൽ അവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. ഇവയെല്ലാം പരിഹരിച്ച് താലൂക്ക് ആശുപത്രി ജനോപകാരപ്രദമാകുംവിധം മാറ്റിയെടുക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. പി. നാരായണൻ പതാക ഉയർത്തിയതോടെയാണ് സമ്മേളനത്തിന് തുടക്കമായത്. സി.പി. വൽസൻ, എ.കെ. ശോഭന എന്നിവരെ പ്രസീഡിയത്തിലേക്ക് തിരഞ്ഞെടുത്തു. ജില്ലാ അസി. സെക്രട്ടറി സി.പി. ഷൈജൻ ഉദ്ഘാടനം ചെയ്തു. ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എൻ. ഉഷ രാഷ്ട്രീയ റിപ്പോർട്ടും മണ്ഡലം സെക്രട്ടറി വി.വി. കണ്ണൻ സംഘടനാ റിപ്പോർട്ടും അവതരിപ്പിച്ചു. മണ്ഡലം അസി സെക്രട്ടറി പി.വി. ബാബു, മണ്ഡലം സെക്രട്ടേറിയറ്റംഗം പി.കെ. മുജീബ് റഹ്മാൻ സംസാരിച്ചു. എം.ടി. ജനാർദനൻ രക്തസാക്ഷി പ്രമേയവും ചന്ദ്രൻ കീരിയാട് അനുശോചന പ്രമേയവും അവതരിപ്പിച്ചു. എ. ബാലകൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു.

ബാലകൃഷ്ണൻ

പൊതുസമ്മേളനം ജില്ലാ എക്സി. അംഗം എൻ. ഉഷ ഉദ്ഘാടനം ചെയ്തു. കെ.വി. ബാബു, രജീന്ദ്രൻ കപ്പള്ളി, വി.വി. കണ്ണൻ സംസാരിച്ചു. ചന്ദ്രൻ കീരിയാട് സ്വാഗതം പറഞ്ഞു. എ. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഭാരവാഹികളായി എ. ബാലകൃഷ്ണൻ (സെക്രട്ടറി), ചന്ദ്രൻ കീരിയാട് (അസി. സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

2017 നവംബർ 25 ശനി ഉച്ചക്ക് 2 മണിക്ക് തളിപ്പറമ്പ വ്യാപാരഭവൻ ഓഡിറ്റോറിയം

അഭയം ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉദ്ഘാടനം റോഷ്നി ഖാലിദ് നിർവഹിക്കുന്നു

'അഭയം കാരുണ്യ സ്പർശം' ഉദ്ഘാടനം ചെയ്തു

തളിപ്പറമ്പ: നിരാലംബരായ യുവതികളെയും കുട്ടികളെയും സംരക്ഷിക്കുന്ന അഭയം ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉദ്ഘാടനം കണ്ണൂർ നഗരസഭ മുൻ ചെയർപേഴ്സൺ റോഷ്നി ഖാലിദ് നിർവഹിച്ചു. ട്രസ്റ്റിന്റെ പ്രഖ്യാപനം തളിപ്പറമ്പ നഗരസഭ വൈസ് ചെയർപേഴ്സൺ വൽസല പ്രഭാകരൻ ബുഷർ ഹാശിമിൽ നിന്ന് ധനസഹായം സ്വീകരിച്ച് നിർവഹിച്ചു. ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും ജമീല ടീച്ചർ വിരമിച്ചു.വിധവകളെയും അനാഥകളായ കുട്ടികളെയും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് ട്രസ്റ്റിന്റെ മുഖ്യലക്ഷ്യം. നിലവിൽ 14 അനാഥക്കുട്ടികളുടെ സംരക്ഷണം ട്രസ്റ്റ് ഏറ്റെടുത്തിട്ടുണ്ട്. തളിപ്പറമ്പിലെ ഒരുപറ്റം സ്ത്രീകളാണ് ഇതിന്റെ സംഘാടകർ. ട്രസ്റ്റ് പ്രസിഡണ്ട് സി.കെ. ഫരീദ അധ്യക്ഷത വഹിച്ചു. പ്രൊഫസർ ഇസ്മയിൽ കരിയാട്, ശമീമ ഇസ്ലാഹിയ്യ, വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡണ്ട് കെ.എസ്. റിയാസ്, പി. നബീല, എം.പി. നിസാമുദീൻ, ഹസൻ കുഞ്ഞി അരിപ്പാമ്പ്ര, കെ. മൂബീന പ്രസംഗിച്ചു.

സഫ്ദർ ഹാശ്മി രക്തസാക്ഷി അനുസ്മരണം

തളിപ്പറമ്പ: അസ്തമയ പക്ഷികൾ വീണ്ടും പ്രഭാതത്തിലേക്ക് സാംസ്കാരിക കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ജനുവരി ഏഴിന് തളിപ്പറമ്പിൽ നടക്കുന്ന സഫ്ദർ ഹാശ്മി രക്തസാക്ഷി അനുസ്മരണ സമ്മേളനത്തിന്റെ ഭാഗമായി ജില്ലാതല കഥ, കവിത, മൽസരം സംഘടിപ്പിക്കും. മൽസരത്തിൽ പങ്കാളികളാവാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 20ന് മുമ്പ് സൃഷ്ടികൾ അയക്കണം. വിലാസം: സെക്രട്ടറി, അസ്തമയ പക്ഷികൾ വീണ്ടും പ്രഭാതത്തിലേക്ക്, സി.വി.എൻ. കലാനിലയം, പൂക്കോത്ത് തെരുവ്, പി.ഒ. തളിപ്പറമ്പ, ഫോൺ: 9895164805, 9446445503. വിഷയം: കഥ: അഭയാർത്ഥികളുണ്ടാവുന്നത്. കവിത: സ്വാതന്ത്ര്യം ചില അടയാളങ്ങൾ.

ചപ്പാരപ്പടവ് പഞ്ചായത്തിൽ കോളേജിന് സാധ്യത

ചപ്പാരപ്പടവ്: ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്ത ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് കോളേജിനും സാധ്യത പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് നാടുകാണിയിലെ സംഘം പരിശോധനക്ക് നാളെ എത്തിച്ചേരും.

ഹരിത ടാപേഴ്സ് ബാങ്ക് ഉദ്ഘാടനം ചെയ്തു

പന്നിയൂർ: പന്നിയൂർ ആർ.പി.എസിന്റെ കീഴിൽ രൂപീകരിച്ച ഹരിത ടാപേഴ്സ് ബാങ്കിന്റെ ഉദ്ഘാടനം ഡെവലപ്പ്മെന്റ് ഓഫീസർ പി.കെ.രഘുനാഥ് ഉദ്ഘാടനം നിർവഹിച്ചു. ആർ.പി.എസ് പ്രസിഡണ്ട് കെ.മുഹമ്മദലി ഹാജി അധ്യക്ഷത വഹിച്ചു. പ്രഭ പുത്തൻപുരയിൽ, ഇ.വിജയൻ, കെ.വി.നാരായണൻ സംസാരിച്ചു. ഹരിത ടാപേഴ്സ് ബാങ്ക് ഉദ്ഘാടനം ചെയ്തു. അലക്സ് സ്വാഗതവും സെബാസ്റ്റ്യൻ പാറയിൽ നന്ദിയും പറഞ്ഞു.

വൈ.എം.സി.എ ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റ് 29ന് തുടങ്ങും

തളിപ്പറമ്പ: യങ്ങ്മെൻസ് ക്രിസ്റ്റ്യൻ അസോസിയേഷൻ (വൈ.എം.സി.എ)യുടെ ആഭിമുഖ്യത്തിൽ രണ്ടാമത് ഉത്തരമേഖല ഇന്റർ സ്കൂൾ ബാസ്ക്കറ്റ് ബോൾ 29, 30 തീയതികളിലായി നടക്കും. കണ്ണൂർ, കാസർക്കോട് ജില്ലകളിലെ പ്ലസ്ടു വരെയുള്ളവർക്കാണ് കളിക്കാൻ അവസരം. വിജയികൾക്ക് ഇ.എം. മൈക്കിൾ ഇന്തോട്ടത്തിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും 7500, 5000രൂപയും യഥാക്രമം ഒന്നും രണ്ടും സ്ഥാനക്കാർക്കും ലഭിക്കും. വൈ.എം.സി.എയുടെ ക്രിസ്തുമസ്, ന്യൂഇയർ ആഘോഷങ്ങളുടെ ഭാഗമായി ബാസ്ക്കറ്റ്ബോൾ മൽസരത്തിന് ശേഷം ക്രിസ്തുമസ് കരോൾ ഗാനമൽസരവും നടക്കും. വിജയികൾക്ക് കെ.എ.പി ഫോർത്ത് ബറ്റാലിയൻ ഡെപ്യൂട്ടി കമാന്റന്റ് റോയ് പി. ജോസഫ് സമ്മാനദാനം നിർവഹിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9496356647, 9495344945. വാർത്താ സമ്മേളനത്തിൽ ജോയി വലിയമുർത്താങ്കൽ, ഡോ. ജോസഫ് ബെനവൻ, ഷാജി ഓണംകുളം, ബാബു മണ്ണനാലിൽ എന്നിവർ പങ്കെടുത്തു.

സ്വാശ്രയ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകണം

വടക്കാഞ്ചേരി: വർഷങ്ങളോളം തരിശായിക്കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി കൃഷി ചെയ്യുന്ന സ്വാശ്രയ സംഘങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകി പ്രോൽസാഹിപ്പിക്കണമെന്ന് വടക്കാഞ്ചേരി സംഘശക്തി സ്വാശ്രയ സംഘം ജനറൽ ബോഡിയോഗം ആവശ്യപ്പെട്ടു. പി. പ്രദീപന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെ.സജീവൻ റിപ്പോർട്ട് അവതരിപ്പിച്ചു. പുതിയ ഭാരവാഹികളായി പി.പി. ജയറാം (പ്രസിഡണ്ട്), കെ.വി. ലക്ഷ്മണൻ (സെക്രട്ടറി), കെ.കെ. സതീശൻ (വൈസ് പ്രസിഡണ്ട്), വി.വി. പത്മനാഭൻ (ജോയിന്റ് സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

പയ്യന്നൂർ മണ്ഡലത്തിൽ 48.5 കോടി

പയ്യന്നൂർ: മലയോര മേഖലയിലെ പ്രധാനപ്പെട്ട റോഡായ ചെറുപുഴ- മുതുവം 7.5 കി.മീറ്റർ, (23.80കോടി) വെള്ളോറ- കക്കറ- കടുക്കാരം 11.5 കി.മീറ്റർ (24.7 കോടി) എന്നീ റോഡ് പ്രവർത്തികൾക്കാണ് ബുധനാഴ്ച തിരുവനന്തപുരത്ത് നടന്ന കിഫ്ബി ബോർഡ് യോഗം അനുമതി നൽകിയത്. ഇരു റോഡുകളും 7 മീറ്റർ വീതിയിൽ മെക്കാഡം ടാറിംഗ് ചെയ്യുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ കയറ്റം കുറച്ചും, വളവുകൾ ഒഴിവാക്കിയും റോഡിന്റെ ഒരുഭാഗത്ത് ഓവുചാൽ നിർമ്മിക്കുന്നതിനും ഉള്ള ഡി.പി.ആറിനാണ് അംഗീകാരം കിട്ടിയത്.

സംസ്ഥാന ഗണിത ശാസ്ത്രമേളയിൽ നമ്പർ ചാർട്ടിൽ എ ഗ്രേഡ് നേടിയ ബി.ടി.ആഖില ഷെറിനും (മുകളിൽ) സംസ്ഥാന ഐ.ടി മേളയിൽ പ്രൊജക്ടിൽ എ ഗ്രേഡ് നേടിയ എ.ആദിലും (താഴെ) (രണ്ടുപേരും സീതി സാഹിബ് ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ).

സർവ്വീസിൽ നിന്നും വിരമിച്ചു

കൊളച്ചേരി: കൊളച്ചേരി സർവ്വീസ് സഹകരണ ബേങ്ക് സെക്രട്ടറി കെ.എം ശിവദാസൻ 38 വർഷത്തെ സേവനത്തിന് ശേഷം വിരമിച്ചു. തളിപ്പറമ്പ് താലൂക്കിലെ ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് വിഭാഗത്തിൽ പ്രവർത്തിക്കുന്ന ബാങ്ക് വർഷങ്ങളായി ലാഭത്തിലാണ്. ഇദ്ദേഹത്തിന്റെ കാലത്താണ് ബേങ്കിന്റെ കെട്ടിടം ആധുനിക രീതിയിൽ പരിഷ്കരിച്ചത്. കോർബേങ്കിങ്ങ്, ആർ ടി ജി എസ്, എൻ ഇ എഫ് ടി എന്നിവ നടപ്പിലാക്കുകയും ചെയ്തു.

കൊളച്ചേരി മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡണ്ടായി എട്ട് വർഷത്തിലധികം പ്രവർത്തിച്ച ഇദ്ദേഹം ഇപ്പോൾ കൊളച്ചേരി ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡണ്ടാണ്. ശിവദാസന് കൊളച്ചേരി പഞ്ചായത്ത് പൗരാവലിയും ഭരണസമിതിയും ചേർന്ന് യാത്രയയപ്പ് നൽകി.